**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3195** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുന്ന പദ്ധതി എസ്റ്റിമേറ്റുകളിൽ ആന്വൽ മെയിന്റനൻസിനായി നീക്കി വയ്ക്കുന്ന തുകയുടെ നിരക്ക് എത്രയാണെന്നും ഇതിൽ ഏതൊക്കെ ഇനങ്ങളുടെ മെയിന്റനൻസാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ആദ്യ മൂന്നു വർഷത്തേക്ക് ആസ്തികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് ചെയ്ത പദ്ധതി ചെലവിന്റെ 3% പ്രൊപ്പോസലിൽ ഉൾപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരന്റെ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് പ്രകാരം അല്ലാതെ വരുന്ന ഗ്രൗണ്ടിലെ ചെറിയ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യുന്ന തിനാണ് 3% തുക ഭരണാനുമതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ആന്വൽ മെയിന്റനൻസ് സേവനം എത്ര കാലയളവിലേക്കാണ് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ആദ്യ മൂന്നു വർഷത്തേക്ക് ആസ്തികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് ചെയ്ത പദ്ധതി ചെലവിന്റെ 3% പ്രൊപ്പോസലിൽ ഉൾപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരന്റെ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് പ്രകാരം അല്ലാതെ വരുന്ന ഗ്രൗണ്ടിലെ ചെറിയ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യുന്ന തിനാണ് 3% തുക ഭരണാനുമതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവയ്ക്കുന്നതിനോടൊപ്പം ആന്വൽ മെയിന്റനൻസ് സംബന്ധിച്ച വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ കരാറിൽ ആന്വൽ മെയിന്റനൻസ് വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നില്ല. |
| (ഡി) | ഈ വ്യവസ്ഥകൾ പ്രകാരം മെയിന്റനൻസ് നടപടികളുടെ ചുമതല ഏതു വകുപ്പാണ് നിർവ്വഹിക്കുകയെന്നും ഓരോ ഗ്രൗണ്ടിനും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ? | (ഡി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാകുമ്പോൾ അതാത് തദ്ദേശ സ്ഥാപനത്തിന് കൈമാറുന്നതാണ്. തദ്ദേശ സ്ഥാപനം, സ്പോർട്സ് കൗൺസിൽ, ഗുണഭോക്തൃ ഗ്രൂപ്പുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിച്ച് ദൈനംദിന അറ്റകുറ്റപ്പണികൾക്ക് മേൽനോട്ടം വഹിക്കുന്നതിനാണ് 12.07.2022 ലെ സ.ഉ.(അച്ചടി) നം. 1/2022/ എസ്&വൈഎ പ്രകാരം ഉത്തരവായിട്ടുള്ളത്. ഏതെങ്കിലും ആസ്തി മെയിന്റനൻസ് നടത്താതെയോ ഉപയോഗ ശൂന്യമായോ ആകുന്ന സ്ഥിതിയുണ്ടായാൽ ആ ആസ്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്ത് തുടർപരിപാലന ചുമതല നിർവ്വഹിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ